കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഞീഴൂർ ഗ്രാമപഞ്ചായത്ത് - 2016-17 ൽ ആരംഭിച്ച എം.എൻ.ഇരട്ട വീട്ടുകൾ ഒറ്റ വീട്ടുകളാക്കുന്ന പദ്ധതി - ഇനി പൂർത്തിയാക്കാനുള്ള വീട്ടുകളുടെ നിർമ്മാണത്തിന് മാത്രം 4.00 ലക്ഷം രൂപയുടെ ആനുപാതിക വിഹിതം നൽകുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.1860/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 09.07.2018.

വായന:-
1. ഞീഴൂർ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 03/02/2018 തീയതിയിലെ 2(4)-ാം നമ്പർ തീരുമാനം.
2. കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27/02/2018 ലെ 490/17/ഡിപിസി/ഡിപിഒ/കെടിഎം നമ്പർ കത്ത്.
3. 05/03/18 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കമ്മിറ്റിയുടെ 4.88 നമ്പർ തീരുമാനം.

## ഉത്തരവ്

ഞീഴൂർ ഗ്രാമ പഞ്ചായത്തിൽ 2016-17 ൽ ആരംഭിച്ച എം.എൻ ഇരട്ട വീട്ടുകൾ ഒറ്റ വീട്ടുകളാക്കുന്ന പദ്ധതി പ്രകാരം 23 വീട്ടുകളുടെ നിർമ്മാണം പുരോഗതിയിലാണെന്നും ജനറൽ വിഭാഗത്തിന് ആയതിലേയ്ക്കായി സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുകയായ 2 ലക്ഷം രൂപയും എസ്.സി വിഭാഗത്തിന് നിലവിലെ നിരക്കായ 3 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ടെന്നും ഈ കോളനി പ്രദേശത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള നിരക്കായ 4.00 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ബാക്കി തുക നൽകാൻ അനുമതി നൽകണമെന്നും കോട്ടയം ജില്ലാപ്ലാനിംഗ് ഓഫീസർ വായന(1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

ഇക്കാര്യം 05/03/18 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കമ്മിറ്റി വിശദമായി പരിശോധിച്ചു. വാന (3)ലെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഞീഴൂർ ഗ്രാമ പഞ്ചായത്തിൽ 2016-17 ൽ ആരംഭിച്ച എം.എൻ ഇരട്ട വീട്ടുകൾ ഒറ്റ വീട്ടുകളാക്കുന്ന പദ്ധതി പ്രകാരം ഇനി പൂർത്തിയാക്കാനുള്ള വീട്ടുകളുടെ നിർമ്മാണത്തിന് മാത്രം 4.00 ലക്ഷം രൂപയുടെ ആനുപാതിക വിഹിതം നൽകാൻ അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി/പ്രസിഡന്റ്, ഞീഴൂർ ഗ്രമപഞ്ചായത്ത്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ